**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6372** **10-11-2021 - ൽ മറുപടിയ്ക്ക്**

**കൈറ്റ്-ന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി ദെലീമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി, കപ്പാസിറ്റി ബിൽഡിംഗ്, ഉള്ളടക്ക വികസനം, കണക്ടിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, ഇ-ഗവേണൻസ്, സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനം എന്നീ മേഖലകളിൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്നും പ്രസ്തുത പ്രവർത്തനങ്ങൾ പഠന ബോധന രംഗത്തും വിദ്യാഭ്യാസ രംഗത്ത് പൊതുവായും എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ (ഐ.സി.ടി.) ഫലപ്രദമായ ഉപയോഗവും പ്രയോഗവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പാഠപുസ്തകങ്ങളും പഠന പ്രവർത്തനങ്ങളും ഡിജിറ്റൽ കണ്ടന്റും ഐ.ടി. ഭൗതീക സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. കപ്പാസിറ്റി ബിൽഡിംഗിന്റെ ഭാഗമായി ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും കാലാകാലങ്ങളിൽ പ്രത്യേക ഐ.ടി/ഐ.സി.ടി. അധിഷ്ഠിത പരിശീലനവും പിന്തുണാ സംവിധാനങ്ങളും കൈറ്റ് ഉറപ്പുവരുത്തുന്നുണ്ട്. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ ഐ.സി.ടി. ഒരു പ്രത്യേക പുസ്തകമായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അധ്യാപകരെ നിയോഗിക്കാതെ നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് ഐ.സി.ടി. പഠനം നടപ്പിലാക്കുന്നത്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ പഠന വിഭവങ്ങൾ തയാറാക്കി എല്ലാ വിഭാഗം അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടലിൽ ഉൾപ്പെടുത്തുകയും പോർട്ടലിന്റെ പരിപാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കിയതിനോടൊപ്പം വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക |

പരിശീലനവും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ -വീഡിയോ റെക്കോർഡിംഗ്&എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമാണം എന്നീ മേഖലകളിൽ അധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. 5.5 ലക്ഷം സമഗ്രാസൂത്രണ രേഖകളും 8.89 ലക്ഷം സൂക്ഷ്മാസൂത്രണ രേഖകളും 32678 ഡിജിറ്റൽ റിസോഴ്സുകളും സമഗ്രയിൽ നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നുണ്ട്. കൈറ്റ് നടപ്പാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ പരിശീലന പദ്ധതിയാണ് KOOL (KITEs Open Online Learning). സ്കൂൾ അധ്യാപകരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് 45 മണിക്കൂർ ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സ് പാസായിരിക്കണമെന്ന് സർക്കാർ ഉത്തരവുണ്ട്. KOOL പ്രസ്തുത കോഴ്സായി അംഗീകരിക്കുകയും അധ്യാപകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുകയുമാണ്. കൈറ്റിന്റെ നേതൃത്വത്തിലാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാത്രമായുള്ള കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനൽ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ പരിപാടികൾക്കൊപ്പം കോവിഡ് കാലയളവിൽ സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധം 'ഫസ്റ്റ്ബെൽ' എന്നപേരിൽ പ്രത്യേക ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുകയും ഇപ്പോഴും അത് തുടരുകയുമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ട്രാൻസ്ഫർ & പോസ്റ്റിങ്ങ്, വിവിധ സ്കോളർഷിപ്പുകൾ, ഐ.ടി. പരീക്ഷ, സ്കൂൾ കലോത്സവം, സ്കൂൾ കായികോത്സവം, സ്കൂൾ ശാസ്ത്രോത്സവം, ടെക്സ്റ്റ് ബുക്ക് ഇന്റന്റിങ്ങ് തുടങ്ങി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതും സാങ്കേതിക സഹായം ലഭ്യമാക്കുന്നതും കൈറ്റാണ്. ഓരോ സോഫ്റ്റ്‌വെയറിന്റേയും ഉപയോഗം അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയ നിവാരണം തുടങ്ങിയവയ്ക്കായി പ്രത്യേക കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ

വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രത്യേക സംവിധാനമാണ് കൈറ്റിന്റെ നേതൃത്വത്തിൽ ഒരുക്കിയിട്ടുള്ളത്. പ്രസ്തുത നിർമാണ പ്രവർത്തനങ്ങൾക്ക് എസ്.പി.വി. യായി കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലേയും തെരഞ്ഞെടുത്ത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഓരോ സ്കൂളിനും 5 കോടി രൂപ ചെലവഴിച്ച് നിർമാണ പ്രവർത്തനങ്ങൾ നടത്തുന്ന 141 സ്കൂളുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതിയിലുൾപ്പെട്ട 96 സ്കൂളുകളിലും കൈറ്റിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കഴിഞ്ഞ 5 അക്കാദമിക വർഷങ്ങളിലും ലക്ഷക്കണക്കിന് കുട്ടികൾ പൊതുവിദ്യാലയ ങ്ങളിലേയ്ക്ക് പുതുതായി എത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കുട്ടികളുടെ പഠന നിലവാരത്തിലും ഗ്രഹണപാഠവത്തിലും കൃത്യമായ മെച്ചമുണ്ടായിട്ടുണ്ട്. പൊതു പരീക്ഷകളിലെ വിജയശതമാനം ഇത് വ്യക്തമാക്കുന്നു. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനങ്ങൾ, അക്ഷരവൃക്ഷം, ഫസ്റ്റ്ബെൽ, ഓൺലൈൻ അധ്യാപക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ കുറിപ്പ് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Remote Learning Initiatives across India എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് Intel ന്റെ സഹായത്തോടെ അമേരിക്കയിലെ ഒഹായോ (OHIO) യൂണിവേഴ്സിറ്റിയും കേരള യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ പഠനത്തിൽ പദ്ധതി നടപ്പിലാക്കിയത് കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായെന്നും 92 ശതമാനം അധ്യാപകരും ഹൈടെക് സംവിധാനങ്ങൾ പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിതി ആയോഗ് HRD Section-ന്റെ Best Practices-ൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കോവിഡ് കാലയളവിൽ സ്കൂൾ എഡ്യൂക്കേഷൻ മേഖലയിൽ കൈറ്റ് നടപ്പിലാക്കുന്ന 'ഫസ്റ്റ്ബെൽ' പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് UNICEF ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 2020 ആഗസ്റ്റ് 18 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | അദ്ധ്യാപകരുടെ പരിശീലനവും സ്വയം നവീകരണ പ്രവർത്തനങ്ങളും സാദ്ധ്യമാക്കുന്നതിനുതകുന്ന പ്രത്യേക പ്രവർത്തനങ്ങൾ കൈറ്റ് നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും കാലാകാലങ്ങളിൽ പ്രത്യേക ഐ.ടി/ഐ.സി.ടി. അധിഷ്ഠിത പരിശീലനവും പിന്തുണാ സംവിധാനങ്ങളും കൈറ്റ് ഉറപ്പുവരുത്തുന്നുണ്ട്. ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ ഐ.സി.ടി. ഒരു പ്രത്യേക പുസ്തകമായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക അധ്യാപകരെ നിയോഗിക്കാതെ നിലവിലുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിയാണ് ഐ.സി.ടി. പഠനം നടപ്പിലാക്കുന്നത്. |
| (സി) | വിദ്യാർത്ഥികളുടെ ഐ.ടി. ക്ലബ് ശൃംഖലയായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഐ.ടി. കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. പൊതുവിദ്യാലയങ്ങളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രത്യേക പരീക്ഷ നടത്തിയാണ് ക്ലബ്ബിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ 1.72 ലക്ഷം കുട്ടികൾ അംഗങ്ങളാണ്. പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് അനിമേഷൻ, പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, ഗ്രാഫിക്സ് ഡിസൈനിങ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, വെബ് ടി.വി, സൈബർ സുരക്ഷ എന്നീ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകുന്നുണ്ട്. സ്കൂൾതലത്തിൽ അധ്യാപകരായ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ യൂണിറ്റ് തല പരിശീലനം, വിദഗ്ധരുടെ ക്ലാസ്സുകൾ, ഫീൽഡ് വിസിറ്റുകൾ/ ഇൻഡസ്ട്രിയൽ വിസിറ്റ് തുടങ്ങിയവയും ക്ലബ്ബിന്റെ പ്രവർത്തനങ്ങളാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾ, പങ്കാളിത്തം, ഉല്പന്നങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ എ, ബി, സി ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നൽകുകയും യോഗ്യത നേടിയ അംഗങ്ങൾക്ക് എസ്.എസ്.എൽ.സി.യ്ക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുന്നുമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ കുട്ടികളുടെ ഐ.സി.ടി. കൂട്ടായ്മയായി ലിറ്റിൽ കൈറ്റ്സ് മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ